കളെ വളർത്തിയെടുക്കുന്നത്? കുട്ടികൾ ഇത് ഇഷ്ടപ്പെടുന്നുമില്ല. ഓരോ മാനേജുമെന്റിന്റേയും പ്രസ്റ്റീജ് സംരക്ഷിക്കാൻവേണ്ടി ഓരോ യൂണിഫോം ഉണ്ടാക്കി ടൈയും കെട്ടി കുട്ടികളെ റോഡിൽ ഇറക്കുകയാണ്. ഇത് പാടില്ലാ എന്നുള്ള നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. പി.ജെ. ജോസഫ്</u> : ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണം നടത്തിയിരുന്നു. പരമാവധി ഡിസ്കറേജ് ചെയ്യണമെന്നുള്ള ഒരു നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്.

6 (*510) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം

<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :
<u>ശ്രീ. പി. വിശ്വൻ</u> :
<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> :
<u>ശ്രീ. ജെ. മെഴ്സിക്കുട്ടി അമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടർ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും വിദ്യാഭ്യാസ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനുമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സർക്കാർ സ്കൂളുകളിൽ അപ്പർ പ്രൈമറിതലംതൊട്ട് കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബന്ധമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) കമ്പ്യൂട്ടർ ലഭിക്കാത്ത സ്കൂളുകളിൽ ഈ വർഷം തന്നെ അവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എഡ്യൂക്കേഷൻ ടെക്നോളജി സ്ഥാപിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>) : സർ,

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനായി സർക്കാർ ഒട്ടനവധി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പരിഷ്ക്കരിക്കുന്നതിന് ഡോ. കെ.കെ. ഗോപാലൻ ചെയർമാനായുള്ള കമ്മിറ്റി പ്രവർത്തനം ആരംഭിച്ചു.
2. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കി.
3. ഇതുപ്രകാരം പാഠപുസ്തകങ്ങൾ പരിഷ്കരിച്ചു.
4. ഡി.പി.ഇ.പി. ആറു ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കിവരുന്നു.
5. പുതിയ പാഠ്യപദ്ധതി അനുസരിച്ച് പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകി. 5-10 വരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ട്രെയിനിംഗ് നൽകി. കൂടാതെ കാഠിന്യമേറിയ പാഠഭാഗങ്ങളെ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

മാക്കി ഹൈസ്കൂൾതലത്തിൽ 33,000 അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

6. പഠനവൈകല്യമുള്ള കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

7. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്, ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ തുടങ്ങിയ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

8. കോളേജുകളിൽനിന്നും പ്രീ-ഡിഗ്രി ഘട്ടംഘട്ടമായി വേർപ്പെടുത്തി ഹയർ സെക്കന്ററി വിദ്യാഭ്യാസം നടപ്പിലാക്കിവരുന്നു.

9. അസാധാരണ കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും കലകളിൽ അഭിരുചിയുള്ള സാധുക്കളായ കുട്ടികൾക്ക് ധനസഹായം നൽകുന്നതിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

10. പത്താം ക്ലാസ്സിലെ വിജയശതമാനം കുറഞ്ഞ സർക്കാർ സ്കൂളുകളെ ഉൾപ്പെടുത്തി 'അഡോപ്റ്റഡ് സ്കൂൾ' എന്ന പദ്ധതിയിൽപ്പെടുത്തി. ഇടവേളകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ്സുകൾ നല്കി വരുന്നു.

11. ഹയർ സെക്കന്ററിക്കായി കരിക്കുലവും സിലബസും ഉണ്ടാക്കി അദ്ധ്യാപക പരിശീലനം നടത്തി വരുന്നു.

12. പ്രീ പ്രൈമറി സ്ഥാപനങ്ങളെ ക്രമീകരിക്കുന്നതിനും ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യുന്നതിനുമായി പ്രീ-പ്രൈമറി ബിൽ നിയമസഭയിൽ അവതരിപ്പിച്ചു.

(ബി) ഉണ്ട്. കമ്പ്യൂട്ടർ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 460 ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർ നൽകിയിട്ടുള്ള സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് വിദ്യാഭ്യാസപരമായി ലഭ്യമായിട്ടുള്ള സോഫ്റ്റ്വെയറിന്റെ (എഡ്യൂക്കേഷൻ) സഹായത്താൽ 15 ദിവസത്തെ ഹ്രസ്വകാല പരിശീലനം നൽകുകയുണ്ടായി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി ആരംഭിക്കുന്നതിനും, പാഠഭാഗങ്ങൾക്ക് അനുസൃതമായി കമ്പ്യൂട്ടർ പരിപാടികൾ തയ്യാറാക്കുന്നതിനുമുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നു വരുന്നു.

(സി)&(ഡി) ഇല്ല. കമ്പ്യൂട്ടർ വിദ്യാഭ്യാസം തെരഞ്ഞെടുത്ത സർക്കാർ/എയ്ഡഡ് ഹൈസ്കൂളുകളിലാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. യു.പി. തലത്തിൽ ഇത് ബാധകമാക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) കമ്പ്യൂട്ടറുകൾ ഇല്ലാത്ത ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഘട്ടം ഘട്ടമായി കമ്പ്യൂട്ടറുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1998-99 വർഷത്തിൽ 60 ഗവൺമെന്റ് ഹൈസ്കൂളുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കൂടാതെ 1999-2000 വർഷത്തിൽ 30 ഗവൺമെന്റ് ഹൈസ്കൂളുകൾക്കു കൂടി കമ്പ്യൂട്ടറുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇത് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : സർ, ഗവൺമെന്റ് സ്കൂളുകളിൽ ലൈബ്രറി, ലബോറട്ടറികളിൽ ആധുനിക സൗകര്യങ്ങൾ സമയബന്ധിതമായി ഏർപ്പെടുത്തി ഗുണനിലവാരം ഉയർത്തിയെന്ന് ഉറപ്പിക്കാനുള്ള കർശന നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : സയൻസ് എഡ്യൂക്കേഷന്റെ ഭാഗമായി സാധാരണ സ്കൂളുകളിൽ ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നുണ്ട്. പ്ലസ് ടു അനുവദിച്ചിട്ടുള്ള ഗവൺമെന്റ് സ്കൂളുകളിൽ ലബോറട്ടറി, ലൈബ്രറി എന്നിവ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക സഹായവും നൽകിക്കൊണ്ടിരിക്കുന്നു.

(ii) മന്ത്രിയുടെ പ്രസ്താവന

ഉത്തരത്തിനു തിരുത്തൽ

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, 26.3.1997-ൽ നക്ഷത്ര ചിഹ്നമിടാത്ത 5659-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ പിശക് കടന്നുകൂടിയിരിക്കുന്നു. തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*511) കമ്പ്യൂട്ടർ പഠന വിഷയമുള്ള ബ്രാഞ്ചുകളുടെ സിലബസ് പരിഷ്കരണം സംബന്ധിച്ച്

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിടെക്നിക്കുകളിൽ കമ്പ്യൂട്ടർ പഠന വിഷയമായുള്ള ബ്രാഞ്ചുകളിൽ സിലബസ് വർഷംതോറും നവീകരിക്കുന്നുണ്ടോ;

(ബി) കമ്പ്യൂട്ടർമേഖലയിൽ അനുസ്യൂതം വന്നുകൊണ്ടിരിക്കുന്ന പുരോഗതി വിദ്യാർത്ഥികൾക്ക് പരിചിതമാകുന്നതിന് ഉതകുന്ന മാറ്റങ്ങൾ സിലബസിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പഴകി വരുന്ന കമ്പ്യൂട്ടർ പാഠ്യപദ്ധതികൾ ആധുനിക ലോകത്തിൽ ഉദ്യോഗലബ്ധിക്ക് സഹായകരമല്ലെന്നതിനാൽ സിലബസ് പരിഷ്കരണം കാലോചിതമാക്കാൻ സംവിധാനമുണ്ടാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly